Lalith Babu

# ഉദ്യോഗസ്ഥരുടെ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ വിവരാവകാശ നിയമപ്രകാരം ലഭിക്കുകയില്ല

ഇൻഫർമേഷൻ ഓഫീസറായ വേണുഗോപാലിന്റെ ഡിഗ്രി ഡിപ്ലമോ സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റിന്റെയും പകർപ്പുകൾ, ടിയാന്റെ പ്രിഡിഗ്രി, ബിരുദം എന്നീ കോഴ്സുകളെ സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്. താൻ ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടാം എതൃകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ച ശേഷവും ലഭിച്ചില്ലെന്ന് പരാതിപ്പെട്ടുകൊണ്ടാണ് കമ്മിഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചിരിക്കുന്നത്.

2. അപ്പീലിൽ നോട്ടീസ് നൽകിയതനുസരിച്ച്, രണ്ടാം എതൃകക്ഷി 09.12.2008 തീയതി വച്ച് കമ്മിഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എതൃകക്ഷികളെ 24.03.2009 ന് കമ്മിഷൻ നേരിൽ കേട്ടിട്ടുള്ളതാണ്. അന്നേദിവസം ഹാജരാകുന്നതിന് അപ്പീൽ ഹർജിക്കാരന് നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൻ അന്നേദിവസം കമ്മിഷൻ മുമ്പാകെ ഹാജരാകുകയോ നോട്ടീസിനോട് പ്രതികരിക്കുകയോ ഉണ്ടായില്ല. എല്ലാപേരുടെയും കാര്യത്തിലെന്നപോലെ ശ്രീ. വേണുഗോപാലിന്റെ സർവ്വീസ് ബുക്കിലും ശ്രീ.വേണുഗോപാൽ സമർപ്പിച്ച യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും സർട്ടിഫിക്കറ്റുകളുടെ അസ്സലോ പകർപ്പോ ഓഫീസിൽ സൂക്ഷിക്കാറില്ലെന്നും രണ്ടാം എതൃകക്ഷി കമ്മിഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.

3. അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള രേഖകൾ അല്ലാത്തതിനാൽ അപ്പീൽ നിരസിച്ചുകൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

അപ്പീൽ ഇപ്രകാരം തീർപ്പാക്കി ഇന്നേ ദിവസം 2009 മാർച്ച് മാസം 26-ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.